**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5415** | **21-07-2022 - ൽ മറുപടിയ്ക്ക്**

**കായിക താരങ്ങൾക്ക് ജോലി നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | **കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്.**<br><br>**2010-14 വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി പ്രസിദ്ധീകരിച്ച 21.12.2020 തീയതിയിലെ സ.ഉ(സാധാ)നം.3923/2020/പൊ.ഭ.വ പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ നിന്നും 24 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.**<br><br>**2010-14 വർഷത്തെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല സമിതിയുടെ 25.04.2022-ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 2010-14 വർഷത്തെ അവശേഷിക്കുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.**<br><br>**കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015 മുതൽ 2019 വരെയുള്ള അഞ്ച് വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി വിജ്ഞാപനം ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | സംസ്ഥാനത്തിനും രാജ്യത്തിനും വേണ്ടി ഫുട്ബോൾ മത്സരത്തിൽ പങ്കെടുത്ത കൊണ്ടോട്ടി സ്വദേശി അനസ് എടത്തൊടിക്ക് ജോലി നൽകുന്ന | (ബി) | **പരിശോധിച്ചു വരുന്നു** |

| | | | |
|---|---|---|---|
| | കാര്യത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ